**13-ാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 3856** — **25.06.2013-ൽ മറുപടിയ്ക്ക്**

# കേരളാ ഓട്ടോമൊബൈൽസിന്റെ പുതിയ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ആർ. സെൽവരാജ്** | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കേരളാ ഓട്ടോമൊബൈൽസ് (കെ.എ. എൽ) ൽ പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) ഈ സർക്കാർ അധികാരമേറ്റശേഷം കേരളാ ഓട്ടോമൊബൈൽസ് ലിമിറ്റഡ് (കെ.എ. എൽ) ഒൻപത് പുതിയ മോഡലുകൾ കമ്പനി വികസിപ്പിച്ചെടുക്കുകയും വിപണിയിൽ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആധുനിക സാങ്കേതിക മേന്മയും രൂപഭംഗിയുമാർന്ന റിയർ എൻജിൻ ഓട്ടോറിക്ഷയ്ക്കു പുറമെ ആറു പേർക്കും അഞ്ചുപേർക്കും ഇരുന്ന് യാത്ര ചെയ്യാവുന്ന പ്രത്യേകം മോഡലുകൾ, വ്യത്യസ്തമായ ചരക്കു വാഹനങ്ങൾ എന്നിവയും അതിൽ ഉൾപ്പെടുന്നു. |
| (ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര രൂപയാണ് പ്രസ്തുത സ്ഥാപനത്തിന് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ? | (ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം 2011-12 ൽ 287.93 ലക്ഷം രൂപയും 2012-13 ൽ 477.65 ലക്ഷം രൂപയും കേരളാ ഓട്ടോമൊബൈൽസിന് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ